**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 2158**

**<u>മത്സ്യബന്ധനത്തൊഴിലാളികൾക്ക് നൽകുന്ന സബ്സിഡി മണ്ണെണ്ണ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി.വി. ഇബ്രാഹിം** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധനത്തൊഴിലാളികൾക്ക് മാസംതോറും സബ്സിഡിയോടെ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് എത്രയെന്ന് അറിയിക്കാമോ; | (എ) | കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി ഒരു ലിറ്റർ മണ്ണെണ്ണ 25 രൂപയ്ക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ് വഴി പി.ഡി.എസ് മണ്ണെണ്ണയും നൽകി വരുന്നു. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകളുടെ കുതിരശക്തിക്ക് അനുസരിച്ചാണ് ഓരോരുത്തർക്കും നൽകുന്ന മണ്ണെണ്ണയുടെ അളവ് നിജപ്പെടുത്തിയിട്ടുള്ളത്. |

| എഞ്ചിന്റെ എച്ച്.പി | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് | സിവിൽ സപ്ലൈസ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ് |
|---|---|---|
| 10 എച്ച്.പി എഞ്ചിൻ വരെ പ്രതിമാസം | 140 ലിറ്റർ | 129 ലിറ്റർ |
| 10 എച്ച്.പി മുതൽ 15 എച്ച്.പി വരെ പ്രതിമാസം | 150 ലിറ്റർ | 136 ലിറ്റർ |
| 15 എച്ച്.പി മുതൽ 40 എച്ച്.പി വരെ പ്രതിമാസം | 190 ലിറ്റർ | 180 ലിറ്റർ |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്നതിന് ശേഷം ഈ അളവിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ